**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. T.662.** **13.07. 2012-ൽ മറുപടിയ്ക്ക്**

# ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നവർക്കെതിരെ കർശനനടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | ഭക്ഷ്യവസ്തുക്കളിൽ മായം ചേർക്കുന്നവർക്കെതിരെ എന്തെല്ലാം കർശന നടപടികളാണ് നിലവിലുള്ളത്; | (എ) | ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നവർക്കെതിരെ നടപടി സ്വീകരിച്ചിരുന്ന മായം ചേർക്കൽ നിരോധന നിയമം-1954 പിൻവലിച്ച് 2011 ആഗസ്റ്റ് 5 മുതൽ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട് രാജ്യമൊട്ടാകെ നിലവിൽ വന്നു. ഈ നിയമത്തിൽ പറയുന്ന വ്യവസ്ഥകൾ പ്രകാരമാണ് ഇപ്പോൾ രാജ്യമൊട്ടാകെ ഭക്ഷ്യ വസ്തുക്കളിൽ മായം ചേർക്കുന്നവർക്കെതിരെ നിയമ നടപടികൾ എടുക്കുന്നത്. ഇത് പ്രകാരം<br><br>ഒരാൾ സുരക്ഷിതമല്ലാത്ത ഭക്ഷണം വിൽപ്പന നടത്തുകയും അത് പരുക്കിന് ഇടയാക്കുന്നതല്ലെങ്കിൽ 6 മാസം വരെ നീളാവുന്ന തടവിനും 1 ലക്ഷം രൂപ വരെ പിഴയും ഗുരുതരമല്ലാത്ത പരുക്കിന് ഇടയാക്കുന്നുവെങ്കിൽ 1 വർഷം വരെ തടവിനും 3 ലക്ഷം രൂപ വരെ പിഴയും ഗുരുതരമായ പരുക്കിന് ഇടയാക്കുകയാണെങ്കിൽ 6 വർഷം വരെ തടവും 5 ലക്ഷം രൂപ വരെ |

| | | | |
|---|---|---|---|
| | | | പിഴയും മരണം സംഭവിക്കുകയാണെങ്കിൽ ജീവപര്യന്തം തടവും 10 ലക്ഷത്തിൽ കുറയാത്ത പിഴയും ശിക്ഷയായി വ്യവസ്ഥചെയ്തിട്ടുണ്ട്. |
| (ബി) | നിലവിലുള്ള ശിക്ഷാ നടപടികൾ ഫലവത്തല്ല എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | മായം ചേർക്കലുമായി ബന്ധപ്പെട്ട് നിലവിലുണ്ടായിരുന്ന മായം ചേർക്കൽ നിരോധന നിയമം ഫലപ്രദമല്ലാത്തതിനാലാണ് 2006-ൽ ഇൻഡ്യൻ പാർലമെന്റ് 'ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ട്' നടപ്പിലാക്കിയത്. |
| (സി) | ശിക്ഷാനടപടികളിൽ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) & (ഡി) | പുതിയ നിയമത്തിൽ ശിക്ഷാ നടപടികളിൽ മാറ്റം വന്നിട്ടുണ്ട്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്? | | |

സെക്ഷൻ ഓഫീസർ